LIBRARY ARCHIVES Kerala Legislative Assembly

പട്ടുവം കുടിവെള്ള പദ്ധതി

235(2704) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിക്ക (JICA) സഹായത്തോടെ നടപ്പാക്കുന്ന പട്ടുവം കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയുടെ നിർമ്മാണം ജലനിധി വഴി നടപ്പാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എത്ര തുകയാണ് ചെലവഴിക്കേണ്ടി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മറ്റ് ഏജൻസികളിൽ നിന്ന് ധനലഭ്യതയ്ക്കുവേണ്ടി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(ബി) ബാധകമല്ല.

നഗരൂർ, കരവാരം, പുളിമാത്ത് കുടിവെള്ള പദ്ധതി

236(2705) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിക്കായുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടപ്പു സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി ഒരു സമഗ്ര കടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 2012 എസ്.ഒ.ആർ. പ്രകാരമുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ടി പദ്ധതിക്ക് ഉദ്ദേശം 5930 ലക്ഷം രൂപ (2012 എസ്.ഒ.ആർ.) ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ധനലഭ്യതയ്ക്കനുസരിച്ച് നടപ്പുസാമ്പത്തിക വർഷംതന്നെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

പമ്പയിലെ കോളിഫോം ബാക്ടീരിയ

237(2706) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിലെ വർദ്ധിച്ച അളവിലുള്ള കോളിഫോം ബാക്ടീരിയ സംബന്ധിച്ച് മലനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സന്നിധാനത്തുനിന്നും കക്കൂസ് മാലിന്യങ്ങൾ ഒഴുകി പമ്പയിലെത്തുന്നതിന്റെ ദൃശ്യങ്ങൾ വാർത്താ ചാനലുകൾ പുറത്ത് വിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തിരക്ക് വർദ്ധിക്കുന്നതോടെ പമ്പാ നദിയിലും അനുബന്ധ ജലാശയങ്ങളിലും കോളിഫോം ബാക്ടീരിയയുടെ അളവ് ഗണ്യമായി വർദ്ധിക്കാനിടയാകും എന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) കുട്ടനാട് അടക്കമുള്ള കാർഷിക മേഖലകളിലേക്ക് പമ്പ വഴി മലിനജലം എത്തുകയും അവിടങ്ങളിലെ ജനങ്ങളുടെ ആരോഗ്യത്തെ ഇത് ബാധിക്കുകയും ചെയ്യും എന്നത് ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

GPM. 2/242/2020-43

LIBRARY ARCHIVES Kerala Legislative Assembly